# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3390** **23/06/2014-ൽ മറുപടിയ്ക്ക്**

**തീരദേശ വികസന ഏജൻസി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.പി. എ. മാധവൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) തീരദേശ വികസന ഏജൻസി മുഖേന ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2014-15 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരെഞ്ഞെടുക്കപ്പെടുന്ന 12 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ളം, വൈദ്യുതീകരണം, സാനിട്ടേഷൻ, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br>2. ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി ഭവനം നിർമ്മിച്ചു നൽകുന്നു.<br>3. മത്സ്യ സംരക്ഷണത്തിനും പരിപാലനത്തിനുമായി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്നു.<br>4. വിഴിഞ്ഞം, പുല്ലുവിള എന്നീ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമമായി വികസിപ്പിക്കുന്നതിനും 2014-15 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>5. 13 ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിന്റെ പദ്ധതി അംഗീകാരത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.<br>6. തൃശ്ശൂർ ജില്ലയിലെ അഴിക്കോട്, കണ്ണൂർ ജില്ലയിലെ അഴിക്കൽ എന്നിവിടങ്ങളിൽ ഫിഷ് പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കും.<br>7. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി 8 പ്രീമിയം ഔട്ട്ലെറ്റുകൾ സ്ഥാപിക്കും. |

| | | | |
|---|---|---|---|
| (ബി) | അമിതപലിശ ഈടാക്കുന്ന സ്വകാര്യ/ബ്ലേയ്ഡ് മാഫിയാകളിൽ നിന്നും തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് പരിഗണിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വായ്പകൾ നൽകുന്നതിന് എൻ.സി.ഡി.സി., എൻ.എം.ഡി.എഫ്.സി, എൻ.ബി.സി.എഫ്.ഡി.സി, ബാങ്കബിൾ സ്കീം, പലിശരഹിത വായ്പ എന്നീ പദ്ധതികൾ നിലവിലുണ്ട്. മത്സ്യഫെഡ് വഴിയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിനായി പുതിയ പദ്ധതികൾ ഒന്നും ആസൂത്രണം ചെയ്യുന്നില്ല. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട വായ്പകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ ? | (സി) | മേൽപ്പറഞ്ഞ വായ്പ പദ്ധതികൾ കൂടാതെ മൈക്രോ ഫിനാൻസ് ലോൺ മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ